LIBRARY ARCHIVES Kerala Legislative Assembly

പേരൂർക്കട ഗവൺമെന്റ് ആശുപത്രിയിലെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

154 [157] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരൂർക്കട ഗവൺമെന്റ് ആശുപത്രിയിൽ പ്രതിവർഷം ഒ. പി./ഐ.പി. വിഭാഗങ്ങളിലായി എത്ര പേർ ചികിത്സയ്ക്ക് എത്തുന്നു എന്നതിന്റെ കണക്കുകൾ ലഭ്യമാക്കുമോ;

(ബി) പേരൂർക്കട ഗവൺമെന്റ് ആശുപത്രി സ്ഥാപിതമായത് ഏത് വർഷമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ ആശുപത്രിയിൽ നിലവിൽ ഏതെല്ലാം വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ഡി) ആശുപത്രിയിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എത്രയാണ്;

(ഇ) ഈ തസ്തികകളിൽ നിയമനം നടത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(എഫ്) 24 മണിക്കൂറും അത്യാഹിത വിഭാഗം പ്രവർത്തനക്ഷമമാക്കണമെന്ന സ്ഥലം എം.എൽ.എ.-യുടെ നിവേദനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(ജി) ജില്ലാതല നിലവാരത്തിൽ പ്രവർത്തിക്കുന്ന ഈ ആശുപത്രിയുടെ വികസന സാധ്യതകൾ വിലയിരുത്താൻ ഒരു ഉന്നതതലയോഗം വിളിച്ചുചേർക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പേരൂർക്കട ഗവൺമെന്റ് ആശുപത്രിയിൽ പ്രതിവർഷം 2,20,732-ഓളം പേർ ഒ.പി. വിഭാഗത്തിലും 11,640 ഐ.പി. വിഭാഗത്തിലും ചികിത്സതേടി എത്തുന്നുണ്ട്.

(ബി) 1888-ൽ.

(സി) പേരൂർക്കട ഗവൺമെന്റ് ആശുപത്രിയിൽ മെഡിക്കൽ, സർജിക്കൽ, പീഡിയാട്രിക്, ഗൈനിക്, ഓഫ്താൽമിക്, ഇ.എൻ.ടി., ഡെന്റൽ, മെന്റൽ, സ്കിൻ, ഫാമിലിപ്ലാനിംഗ്, ഓർത്തോ എന്നീ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ഡി) പേരൂർക്കട ഗവ. ആശുപത്രിയിൽ അസിസ്റ്റന്റ് ലെപ്രസി ഓഫീസർ, ലാബ് അസിസ്റ്റന്റ്, ഡോബി എന്നീ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്.

(ഇ) ജില്ലാ മെഡിക്കൽ ഓഫീസർക്ക് വേക്കൻസികൾ നികത്തുവാൻ ആശുപത്രി സൂപ്രണ്ട് മുഖാന്തിരം അറിയിച്ചിട്ടുണ്ട്. ഉദ്യോഗകയറ്റം മുഖേന നികത്തേണ്ട ഒഴിവുകൾ അപ്രകാരം നികത്തുവാൻ നിർദ്ദേശിക്കുന്നുണ്ട്.

(എഫ്) നിലവിൽ ഒരു ഡ്യൂട്ടി ഡോക്ടറുടെ സേവനം 24 മണിക്കൂറും ലഭ്യമാക്കിയിട്ടുണ്ട്.

(ജി) ഇക്കാര്യം പരിശോധിക്കുന്നതാണ്.